(സി) ടി.ടി.പി. ഒരു വർഷം നൽകേണ്ടി വരുന്ന ഇൻകം ടാക്സ് എത്ര യാണ്;

(ഡി) തദ്ദേശീയർക്ക് രോഗചികിത്സയ്ക്ക് നൽകുന്ന ആനുകൂല്യം ടി. ടി.പി.ക്ക് ആദായ നികുതിയിനത്തിൽ കുറവു വരുത്തുന്നതിന് സഹായിക്കു മോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ടി.ടി.പി. ഫാക്ടറിയുടെ പ്രവർത്തനംമൂലം ദുരിതമനുഭവിക്കു ന്നവർക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

ഉത്തരം

(എ) പ്രത്യേകിച്ച് ഏതെങ്കിലും വിധത്തിലുള്ള രോഗം ഉണ്ടാകുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടി.ടി.പി. തദ്ദേശീയർക്കായി 30 ശതമാനം ജോലി സംവരണം നൽകുന്നുണ്ട്. അവർക്കായി പലവിധ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ കമ്പ നിക്ക് പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായി ഒരു ഡിസ്പെൻസറി കെട്ടിക്കൊടു ക്കുവാനും ജില്ലാ കളക്ടർ ചെയർമാനായ ഒരു വെൽഫെയർ കമ്മിറ്റി വഴി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കാനായി ഒരു കോടി രൂപ (50 ലക്ഷം ഗ്രാന്റും 50 ലക്ഷം വായ്പയും) നൽകാനും കമ്പനി സമ്മതിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കമ്പനി നൽകിയ ആദായ നികുതി താഴെപ്പറയും പ്രകാരമാണ്.

1996-97	-	1.77 ലക്ഷം രൂപ
1997-98	-	48.10 ലക്ഷം രൂപ
1998-99	-	240.30 ലക്ഷം രൂപ

(ഡി) തദ്ദേശീയർക്ക് ഇപ്പോൾ രോഗചികിത്സയ്ക്ക് പ്രത്യേകിച്ച് ആനു കൂല്യമൊന്നും നൽകുന്നില്ല. അതുകൊണ്ട് ഇക്കാര്യം ഇതുവരെ പരിശോധിച്ചി ട്ടില്ല.

(ഇ) മലിനീകരണ നിവാരണ നടപടികൾ ത്വരിതപ്പെടുത്തുന്നതോ ടൊപ്പം മറ്റു ക്ഷേമ പരിപാടികൾ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. സാമ്പത്തിക സഹായമൊന്നും പരിഗണനയിലില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വർദ്ധിച്ചുവരുന്ന ഓവർടൈം ജോലി

6 (1345)ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ രൂക്ഷമായ കേരളത്തിൽ ഓവർടൈം വേതനം പൊതുമേഖലാ സ്ഥാപനങ്ങളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിരുത്സാഹപ്പെടുത്തുന്നതിന് ഗവൺമെന്റ് നട പടി സ്വീകരിക്കുമോ;

(സി) കോട്ടയം ട്രാവൻകൂർ സിമന്റ്സിൽ 1995-96, 1996-97, 1997-98, 1998-99 ഏപ്രിൽ ഒന്ന് മുതൽ 2000 ജനുവരി 31 വരെയുള്ള കാലഘട്ടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്ര രൂപ ഓവർടൈം വേതനവും അലവൻസും നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കാലഘട്ടങ്ങളിൽ ജോലിയിൽ നിന്നും മാറ്റി നിർത്തിയ ട്രെയിനികൾ എത്ര പേർ എന്നും അവർക്ക് നൽകിയ വേതനം എത്രവീതം ആയിരുന്നു എന്നും വ്യക്തമാക്കുമോ;

(ഇ) ട്രെയിനികളെ ജോലിയിൽനിന്നും മാറ്റി നിർത്തി അവർ ചെയ്തിരുന്ന ജോലി ഓവർടൈം കൊടുത്ത് ചെയ്യിപ്പിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തികലാഭവും തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ അവസരവും ലഭിക്കത്തക്ക വിധത്തിൽ ഇതിന് പരിഹാരം ഉണ്ടാക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഇല്ല. തുടർച്ചയായി പ്രവർത്തിപ്പിക്കേണ്ട പ്ലാന്റുകളിലും കൃത്യസമയത്ത് ഓർഡർ അനുസരിച്ചുള്ള സപ്ലൈ നടത്തുന്നതിനുവേണ്ടിയും ചിലപ്പോൾ ഓവർടൈം നൽകി ജോലി ചെയ്യിപ്പിക്കേണ്ടതായി വരുന്നുണ്ട്. ഒഴിച്ചുകൂടാൻ കഴിയാത്ത അവസരങ്ങളിൽ മാത്രമേ ഓവർടൈം നൽകാവൂ എന്നതാണ് ഗവൺമെന്റ് നിലപാട്.

(സി) വിശദാംശം അനുബന്ധമായി വച്ചിരിക്കുന്നു.+

(ഡി) ട്രെയിനികൾ ആരെയും ജോലിയിൽ നിന്നും മാറ്റിനിർത്തിയിട്ടില്ല. 2 വർഷത്തെ കാലാവധി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 74 ട്രെയിനികൾ 1997-ാം വർഷത്തിൽ ട്രെയിനിംഗ് പൂർത്തിയാക്കിപ്പോയിട്ടുണ്ട്. ട്രെയിനികൾക്ക് ആദ്യവർഷം 1200 രൂപയും രണ്ടാമത്തെ വർഷം 1500 രൂപയും സ്റ്റൈപ്പന്റായി നൽകിയിരുന്നു.

(ഇ) ഇല്ല.

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി പല സ്ഥാപനങ്ങളിലും മാനവശേഷി ശാസ്ത്രീയമായി തിട്ടപ്പെടുത്തുവാൻ പ്രൊഡക്ടിവിറ്റി കൗൺസിൽ പോലുള്ള വിദഗ്ദ്ധസമിതികളെക്കൊണ്ട് പഠനം നടത്തി വേണ്ടുന്ന അനന്തരനടപടി സ്വീകരിക്കുന്നുണ്ട്.

കല്യാശ്ശേരിയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കമ്പനികൾ

7 (1346) ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്യാശ്ശേരിയിൽ കെൽട്രോണിന്റെ കീഴിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നു; ഏതെല്ലാം;

(ബി) ഇതിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly